**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: **08/08/2022**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും

എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - E-Rickshaw -കളും Electric Autorickshaw -കളും തമ്മിലുള്ള വ്യത്യാസം - സംബന്ധിച്ച്

സൂചന :- കേന്ദ്ര സർക്കാരിന്റെ Advisory no.RT-11036/80/2012-MVL തീയതി 9/6/2015

കേരളത്തിൽ പല ഭാഗത്തും Electric Autorickshaw –കളെ E-Rickshaw കളായാണ് രജിസ്റ്റർ ചെയ്തുവരുന്നത്. തിരിച്ചും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സാധാരണ Autorickshaw കൾ ബാറ്ററിയിൽ [ഏകദേശം 8 KW പവർ] പ്രവർത്തിക്കുമ്പോൾ അതിനെയാണ് Electric Autorickshaw എന്ന് അറിയപ്പെടുന്നത്. ഇതിന് സാധാരണ Petrol/Diesel Autorickshaw കളുടെ speed –ഉം മറ്റ് മാനദണ്ഡങ്ങളും ബാധകമാണ്. എന്നാൽ ഉത്തരേന്ത്യ പോലുള്ള സ്ഥലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന Cycle Rickshaw കളിൽ Battery ഘടിപ്പിക്കുമ്പോഴാണ് അതിനെ E-Rickshaw കൾ എന്നറിയപ്പെടുന്നത്. ഇവയുടെ പരമാവധി വേഗത 25 Km/hr -ഉം Battery Power പരമാവധി 4KW –ഉം മാത്രമാണ്. ഇത്തരം വാഹനങ്ങൾ Last Mile Connectivity -ക്ക് മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ. ഇത് സംബന്ധിച്ച കേന്ദ്ര സർക്കാർ ഇറക്കിയ മാർഗ്ഗനിർദ്ദേശം ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം Electric Autorickshaw -കൾക്ക് മാത്രമെ ആദ്യത്തെ 5 വർഷത്തെ നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളൂ. E-Rickshaw കൾക്ക് ആദ്യത്തെ 5 വർഷത്തെ നികുതി 2000/- രൂപയായി ടാക്സേഷൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, ഇവ Electric വാഹനങ്ങളായതിനാൽ 50% ഇളവ് ഉണ്ട്. അതായത് E-Rickshaw –കൾക്ക് ആദ്യ 5 വർഷത്തേക്ക് 1000/- രൂപ നികുതിയായി ഈടാക്കേണ്ടതാണ്.

നിലവിൽ പല ഡീലർമാരും Electric Autorickshaw –കളെ E-Rickshaw -കളായി ഓൺലൈൻ ചെയ്യുകയും രജിസ്റ്ററിംഗ് അതോറിറ്റികൾ ഇവയെ E-Rickshaw –കളായി രജിസ്റ്റർ ചെയ്ത് 5 വർഷത്തെ പൂർണ്ണമായ നികുതി ഇളവും അനുവദിച്ചു വരുന്നുണ്ട്. .

ഇത് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശങ്ങൾക്ക് വിധേയമാകാറുണ്ട്. ആയതിനാൽ ഡീലർമാർ രജിസ്ട്രേഷനു വേണ്ടി ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുമ്പോൾ മേൽ ഘടകങ്ങൾ പരിശോധിച്ച് കൃത്യമായ വിഭാഗത്തിൽ മാത്രമെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ എന്ന് എല്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾ / അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റികൾക്കും നിർദ്ദേശം നൽകുന്നു.

Electric Autorickshaw –കൾ E-Rickshaw –കളായി രജിസ്റ്റർ ചെയ്ത ശേഷം E-Rickshaw license എടുക്കുന്നതിന് സമീപിക്കുന്നതും തടയേണ്ടതാണ്.

കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമ പ്രകാരം 300 kg മുതൽ 1000 kg വരെ GVW ഉള്ള ചരക്ക് വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ 5000 രൂപയാണ് 5 വർഷത്തെ ഒറ്റത്തവണ നികുതിയായി സ്വീകരിക്കേണ്ടത്. E-Cart വാഹനങ്ങൾ മേൽ GVW പരിധിയിൽ വരുന്നതിനാലും ഇവ Electric വാഹനങ്ങളായതിനാലും ആദ്യത്തെ 5 വർഷം 50% ഇളവ് അനുവദിച്ചിട്ടുള്ളതുകൊണ്ട് E-Cart വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ നിന്നും 5 വർഷത്തേക്ക് 2500 രൂപ Lumpsum tax ആയി സ്വീകരിക്കണമെന്നും എല്ലാ Registering Authority / Additional Registering Authority –കൾക്കും നിർദ്ദേശം നൽകുന്നു.

<u>അതുപോലെ E-rickshaw/E-cart വാഹനങ്ങൾ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ class –ൽ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.</u>

വിശ്വസ്തതയോടെ,

Digitally signed by K MANOJKUMAR
Date:Mon Aug 08 13:53:52 IST 2022
Reason: Approved

**K Manojkumar**
**Sr. Deputy Transport Commissioner (tax)**